# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

കോഴിക്കോട് വിമാനത്താവളത്തിൽ എത്തുന്ന യാത്രക്കാരുടെ ലഗ്ഗേജുകളുടെ സുരക്ഷ

1850 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വിമാനത്താവളത്തിൽ യാത്രക്കാരുടെ ലഗേജുകളിൽ നിന്നും സാധനങ്ങൾ കാണാതാകുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം പരാതികളിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാറുളളതെന്ന് വ്യക്തമാക്കുമോ;

(സി) ലഗേജുകളിൽ നിന്നും സാധനങ്ങൾ നഷ്ടപ്പെടുന്നില്ലെന്ന് ഉറപ്പുവരുത്താൻ നിരീക്ഷണ സംവിധാനങ്ങൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ക്യാമറ അടക്കമുളള സംവിധാനം ലഗേജ് എത്തിപ്പെടുന്ന എല്ലാ ഭാഗങ്ങളിലും സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>മദ്യവിരുദ്ധ ബോധവത്കരണ ക്ലബ്ബുകൾ</u>

1851

ശ്രീ. ഷാഫി പറമ്പിൽ
,, എ. പി. അബ്ദുള്ളക്കുട്ടി
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനാടിസ്ഥാനത്തിൽ സ്കൂളുകൾ കേന്ദ്രീകരിച്ച് മദ്യവിരുദ്ധ ബോധവത്ക്കരണ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഓരോ ക്ലബ്ബിനും സാമ്പത്തിക സഹായം അനുവദിക്കാറുണ്ടോ; എങ്കിൽ എത്രയാണ്;

(സി) പ്രസ്തുത ക്ലബ്ബുകളുടെ പ്രവർത്തനം എക്സൈസ് വകുപ്പ് നിരീക്ഷിക്കാറുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത ക്ലബ്ബുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>മദ്യവിരുദ്ധ ബോധവത്കരണം</u>

1852

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, ഐ. സി. ബാലകൃഷ്ണൻ
,, ഷാഫി പറമ്പിൽ
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതിയ തലമുറയെ മദ്യവിമുക്തരാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) ബോധവത്കരണ പ്രവർത്തനങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ കൂടുതൽ തുക ഇതിനായി അനുവദിക്കുമോ;

(സി) മദ്യവിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങൾക്കായി ഈ സർക്കാർ ഇതിനകം എത്ര തുക ചെലവഴിച്ചു; വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

ലഹരിപദാർത്ഥങ്ങളുടെ ഉൽപ്പാദനവും വിതരണവും തടയാൻ നടപടി

1853 ശ്രീ. പാലോട് രവി
,, അൻവർ സാദത്ത്
,, പി. സി. വിഷ്ണുനാഥ്
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യാജമദ്യം, മയക്കുമരുന്ന്, കഞ്ചാവ് എന്നിവയുടെ ഉൽപ്പാദനവും വിപണനവും തടയുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ബി) എക്സൈസ് ഉദ്യോഗസ്ഥരുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി ഉന്നത ഉദ്യോഗസ്ഥന്മാരുടെ യോഗം വിളിച്ചുചേർക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ആയതിന്മേൽ സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

വ്യാജമദ്യം, മയക്കുമരുന്ന് എന്നിവ തടയുന്നതിനുള്ള സമിതികൾ

1854 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യാജമദ്യവും മയക്കു മരുന്നും തടയുന്നതിന് കോഴിക്കോട് ജില്ലയിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത് ;

(ബി) ഇതുമായി ബന്ധപ്പെട്ട് കോഴിക്കോട് ജില്ലയിൽ ഈ വർഷം എത്ര കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്;

(സി) വ്യാജമദ്യം, മയക്കുമരുന്ന് എന്നിവ തടയുന്നതിനുള്ള സമിതികൾ കോഴിക്കോട് ജില്ലയിൽ ഏതെല്ലാം മണ്ഡലങ്ങളിൽ രൂപീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

**<u>മദ്യശാലകൾ ആരംഭിക്കുന്നതിന് അനുമതി നൽകാനുള്ള അധികാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന നടപടി</u>**

1855 ശ്രീ. വി. എസ്. സുനിൽ കുമാർ
,, ഇ. കെ. വിജയൻ
,, വി. ശശി
,, ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മദ്യശാലകൾ ആരംഭിക്കുന്നതിന് അനുമതി നൽകാൻ പഞ്ചായത്തുകൾക്കും, മുനിസിപ്പാലിറ്റികൾക്കും അധികാരം നൽകുന്നതു സംബന്ധിച്ച് എന്തെങ്കിലും തീരുമാനമുണ്ടായിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം ഗ്രേഡിലുള്ള മദ്യശാലകൾക്കാണ് പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും അനുവാദം നൽകാൻ കഴിയുന്നതെന്ന് വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്ത് മദ്യത്തിന്റെ ഉപഭോഗം കുറയ്ക്കുവാനുള്ള നടപടകൾ പരിഗണനയിലുണ്ടോ ;

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരം നൽകുന്നതുമൂലം മദ്യശാലകളുടെ എണ്ണം വർദ്ധിക്കുവാൻ സാദ്ധ്യതയുണ്ടോ ; എങ്കിൽ പ്രസ്തുത തീരുമാനം പുന:പരിശോധിക്കുമോ ?

# കേരള നിയമസഭ
# 17.12.2012-ലെ മറുപടിക്ക്

മദ്യവിൽപ്പനശാലകളുടെ ലൈസൻസ്

1856 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ബിവറേജ് കോർപ്പറേഷൻ, കൺസ്യൂമർ ഫെഡ് എന്നിവയുടെ പുതിയ മദ്യവിൽപ്പനശാലകൾ അനുവദിച്ചിട്ടുണ്ടോ;

(ബി) ബാർ ലൈസൻസ് ലഭിക്കുന്നതിനായി അപേക്ഷിച്ചവരിൽ എത്രപേർക്ക് ലൈസൻസ് നൽകാൻ തീരുമാനിച്ചിട്ടുണ്ട്;

(സി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>മദ്യപാനംമൂലം നശിച്ച കുടുംബങ്ങൾക്ക് ധനസഹായം</u>

1857 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുടുംബനാഥൻമാരുടെ മദ്യപാനം കാരണം നശിച്ച കുടുംബങ്ങൾക്ക് ബിവറേജസ് കോർപ്പറേഷന്റെ ലാഭത്തിൽ നിന്നും ധനസഹായം നൽകണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ മദ്യപാനം കാരണം നശിച്ച കുടുംബങ്ങളുടെ ദുരിതമകറ്റാൻ ഉതകുന്ന രീതിയിലുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 17.12.2012–ലെ മറുപടിക്ക്

<u>എക്സൈസ് വകുപ്പിൽ ക്രൈം റിക്കാർഡ്സ് ബ്യൂറോ</u>

1858

ശ്രീ. വി. ഡി. സതീശൻ
,, എ. റ്റി. ജോർജ്
,, ജോസഫ് വാഴക്കൻ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിൽ പുതിയ ക്രൈം റിക്കാർഡ്സ് ബ്യൂറോയ്ക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത ബ്യൂറോയുടെ ഘടനയും ഉദ്ദേശ്യലക്ഷ്യങ്ങളും വ്യക്തമാക്കുമോ;

(ഡി) എക്സൈസ് സേനയുടെ ആധുനികവത്ക്കരണത്തിനും കേസ് അന്വേഷണം ത്വരിതപ്പെടുത്തുന്നതിനും ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ ചുമതല വകുപ്പിലെ ഒരു ഉയർന്ന ഉദ്യോഗസ്ഥന് നൽകുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 17.12.2012-ലെ മറുപടിക്ക്

<u>എക്സൈസ് വകുപ്പ് പ്ലാൻ ഫണ്ട്</u>

1859 ശ്രീ. പി. സി. വിഷ്ണുനാഥ്
,, ഷാഫി പറമ്പിൽ
,, എം. പി. വിൻസെന്റ്
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം എക്സൈസ് വകുപ്പ് നവീകരണ പദ്ധതികൾക്കായി പ്ലാൻ ഫണ്ട് ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്ലാൻ ഫണ്ട് ലഭിക്കുന്നതിനുള്ള നിർദ്ദേശം അംഗീകരിച്ചിട്ടുണ്ടോ ; എങ്കിൽ അതനുസരിച്ച് എത്ര തുക പ്ലാൻ ഇനത്തിൽ ലഭിച്ചിട്ടുണ്ട് ; വെളിപ്പെടുത്തുമോ ;

(സി) പ്ലാൻ ഫണ്ട് വിനിയോഗക്കുന്നതിൽ പ്രത്യേകമായ മോണിറ്ററിംഗ് കമ്മിറ്റിയ്ക്ക് രൂപം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
# 17.12.2012–ലെ മറുപടിക്ക്

<u>എക്സൈസ് വകുപ്പിൽ ഇ–പെയ്മെന്റ് സമ്പ്രദായം</u>

1860 ശ്രീ. സി. പി. മുഹമ്മദ്
,, വർക്കല കഹാർ
,, ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിൽ ഇ–പെയ്മെന്റ് സമ്പ്രദായം നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വെളിപ്പെടുത്തുമോ;

(ബി) ഇ–പെയ്മെന്റ് വിജയകരമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഇത് ശക്തിപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 17.12.2012–ലെ മറുപടിക്ക്

<u>എക്സൈസ് ഓഫീസുകളുടെ കമ്പ്യൂട്ടർവൽക്കരണം</u>

1861 ശ്രീ. വി. പി. സജീന്ദ്രൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, ഹൈബി ഈഡൻ
,, കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിലെ ഓഫീസുകൾ കമ്പ്യൂട്ടർവൽക്കരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(ബി) എക്സൈസ് ഹെഡ് ക്വാർട്ടേഴ്സ്, റേഞ്ച്/ഡിവിഷൻ ഓഫീസുകളുമായി നേരിട്ട് ബന്ധപ്പെടുന്നതിന് കമ്പ്യൂട്ടർ നെറ്റ് വർക്ക് സ്ഥാപിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ;

(സി) നടപടിക്രമങ്ങൾ സുതാര്യമാക്കുന്നതിനായി ഓഫീസുകൾ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ച് ഇടപാടുകൾ ഓൺലൈൻ വഴിയാക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

<u>'നീര' പദ്ധതി</u>

1862 ശ്രീ. പി. ശ്രീരാമകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 'നീര' പദ്ധതി നടപ്പിലാക്കുവാന്‍ കേരള അബ്കാരി ചട്ടങ്ങള്‍ പ്രകാരം തടസ്സങ്ങളുണ്ടോ; വിശദമാക്കുമോ;

(ബി) തെങ്ങുകളില്‍ 'നീര' ക്കായി കള്ളു ചെത്താന്‍ എന്താണ് തടസ്സമായി നില്‍ക്കുന്നത്; വിശദമാക്കുമോ;

(സി) തടസ്സങ്ങള്‍ നിലവിലുണ്ടെങ്കില്‍ അത് മറികടക്കുന്നതിന് നിയമനിര്‍മ്മാണത്തിന് ശ്രമിക്കുമോ;

(ഡി) ഇതുമായി ബന്ധപ്പെട്ട് നിയമോപദേശം തേടിയിട്ടുണ്ടോ; വിശദമാക്കുമോ;

# കേരള നിയമസഭ
# 17.12.2012–ലെ മറുപടിക്ക്

<u>മദ്യനയം</u>

1863 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ പ്രഖ്യാപിച്ച മദ്യനയം നടപ്പാക്കാൻ സാധിക്കാത്ത സാഹചര്യം ഉണ്ടോ; എങ്കിൽ കാരണം വെളിപ്പെടുത്തുമോ;

(ബി) ഇക്കാര്യത്തിൽ കേരളാ ഹൈക്കോടതിയുടെ വിധി എന്തായിരുന്നു; വിശദമാക്കുമോ;

(സി) മദ്യനയത്തിലെ ഏതെല്ലാം വ്യവസ്ഥകൾ കേരള ഹൈക്കോടതി റദ്ദാക്കിയിട്ടുണ്ട് ;

(ഡി) തെറ്റായ മദ്യനയം തിരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
# 17.12.2012–ലെ മറുപടിക്ക്

<u>ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെ വില വർദ്ധനവ്</u>

1864 ശ്രീ. കെ.കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്റെ വില വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(ബി) ഏത് ബോർഡ് യോഗത്തിലാണ് ഈ തീരുമാനം എടുത്തത്; പ്രസ്തുത യോഗത്തിന്റെ മിനിട്സിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) മദ്യ നിർമ്മാണ കമ്പനികൾക്ക് ഈ തീരുമാനം വഴി പ്രതിവർഷം എത്ര രൂപ അധിക വരുമാനം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു; കോർപ്പറേഷൻ നടപ്പു സാമ്പത്തിക വർഷം ഇതുവരെ എതെല്ലാം കമ്പനികളിൽ നിന്ന് എത്ര മദ്യം വാങ്ങിയിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) സംസ്ഥാനത്ത് ഘട്ടംഘട്ടമായി മദ്യ നിരോധനം നടപ്പിലാക്കുമെന്നും, മദ്യ വിപണിയിലൂടെ കൂടുതൽ വരുമാനം ഉദ്ദേശിക്കുന്നില്ലെന്നും പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

<u>വിദേശമദ്യ വില്പനയിലൂടെയുള്ള സർക്കാരിന്റെ വരുമാനം</u>

1865 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ബിവറേജ് കോർപ്പറേഷന്റെ റീട്ടെയിൽ ഔട്ട്ലെറ്റ്, ബാറുകൾ എന്നിവയിലൂടെ കഴിഞ്ഞ പത്ത് വർഷം കൊണ്ട് സർക്കാരിന് ലഭിച്ച വരുമാനം വാർഷിക ക്രമത്തിൽ, റീട്ടെയിൽ ഔട്ട്ലെറ്റ്/ ബാർ എന്ന് ഇനം തിരിച്ച് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

<u>കുട്ടികളിലെ മദ്യപാനാസക്തി</u>

1866 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടികളിൽ മദ്യപാനാസക്തി കൂടിവരുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയത് നിയന്ത്രിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്;

## കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

<u>അനധികൃതമായി മദ്യം ഉൽപാദിപ്പിക്കുന്നത്</u>

1867 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അനധികൃത മദ്യഉൽപാദനം സംബന്ധിച്ച് ഈ സർക്കാർ അധികാരമേറ്റശേഷം എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു;

(ബി) എത്ര ലിറ്റർ വ്യാജമദ്യം പിടിച്ചെടുത്തിട്ടുണ്ട്; വ്യക്തമാക്കുമോ ;

(സി) ആയതിന് ജില്ലാടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>സ്പിരിറ്റ് കടത്ത്</u>

1868 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം അന്യസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലെത്തിയ എത്ര ലോറി സ്പിരിറ്റാണ് പിടിച്ചെടുത്തത് ; എവിടെവച്ചെല്ലാമാണ് ; എത്ര രൂപയ്ക്കുള്ള സ്പിരിറ്റാണ് പിടിച്ചെടുത്തത് ;

(ബി) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന സ്പിരിറ്റ് കടത്ത് ഇല്ലാതാക്കുന്നതിനും കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനും സ്പിരിറ്റ് പിടികൂടുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥരുടെ സ്പിരിറ്റ് ലോബിയുമായുള്ള ബന്ധം</u>

1869 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിലെ പല ഉദ്യോഗസ്ഥരും സ്പിരിറ്റ് ലോബിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ സ്പിരിറ്റ് ലോബിയുമായി ബന്ധമുള്ള ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(സി) പാലക്കാട് ജില്ലയിൽ സ്പിരിറ്റ് ലോബിയുമായി ബന്ധമുള്ള എത്ര ഉദ്യോഗസ്ഥരാണുള്ളത് ; വിവരം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

**<u>കാഞ്ഞങ്ങാട് മണ്ഡലത്തിലെ വെള്ളരിക്കുണ്ടിൽ എക്സൈസ് റെയ്ഞ്ച് ഓഫീസ്</u>**

1870 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിലെ വെള്ളരിക്കുണ്ടിൽ എക്സൈസ് റെയ്ഞ്ച് ഓഫീസ് അനുവദിക്കാനുള്ള നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(സി) എക്സൈസ് റെയ്ഞ്ച് ഓഫീസ് ഉടൻ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

<u>കൊട്ടാരക്കരയിലെ എക്സൈസ് കോംപ്ലക്സ് നിർമ്മാണം</u>

1871 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കരയിലെ എക്സൈസ് കോംപ്ലക്സ് നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) പ്രസ്തുത കോംപ്ലക്സ് നിർമ്മിക്കുന്നതിന് പുതിയ സ്ഥലം നിർദ്ദേശിച്ചിട്ടുണ്ടെങ്കിൽ ആയത് അറിയിക്കുമോ;

(സി) എക്സൈസ് കോംപ്ലക്സ് യാഥാർത്ഥ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

ബാറുകളുടെ പ്രവര്‍ത്തനസമയം

1872 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ബാറുകളുടെ പ്രവര്‍ത്തന സമയം തീരുമാനിക്കുന്നത് സംബന്ധിച്ച കേസില്‍, 'ഉത്തരവുകളും നിരീക്ഷണങ്ങളും എതിരായാല്‍ മന്ത്രിമാരും ഭരണകര്‍ത്താക്കളും അസഹിഷ്ണുതയുളളവരാകുന്നു'വെന്ന കേരള ഹൈക്കോടതിയുടെ നിരീക്ഷണം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) കോടതി ഇത്തരത്തില്‍ നിരീക്ഷിക്കാനിടയായത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സര്‍ക്കാര്‍ പ്രഖ്യാപിച്ച അബ്കാരിനയം സംബന്ധിച്ച് ഹൈക്കോടതി എന്തെങ്കിലും പരാമര്‍ശം നടത്തിയിട്ടുണ്ടോ; അറിയിക്കുമോ ?

# കേരള നിയമസഭ
# 17.12.2012–ലെ മറുപടിക്ക്

<u>വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി</u>

1873 എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിക്കുളള തടസ്സങ്ങൾ എന്തെല്ലാം; വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിയ്ക്കാവശ്യമായ റെയിൽ റോഡ് കണക്ടിവിറ്റി സംബന്ധിച്ച് സ്വീകരിച്ചിട്ടുളള നടപടികൾ എന്തെല്ലാം; വെളിപ്പെടുത്തുമോ;

(സി) ആഴക്കടൽ ട്രാൻസ്ഷിപ്പ്മെന്റിന് മറ്റ് തുറമുഖങ്ങളെ ആശ്രയിക്കുന്നതുമൂലം വൻ നഷ്ടം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനായി വകുപ്പിന് എന്തൊക്കെ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; വിഴിഞ്ഞം തുറമുഖം പദ്ധതി യാഥാർത്ഥ്യമാകേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) നിർമ്മാണ പ്രവർത്തനങ്ങൾക്കായി കടൽ നികത്തുന്നതുമൂലംപരിസ്ഥിതിക്കും മത്സ്യ സമ്പത്തിനും ഉണ്ടാകുന്ന ആഘാതത്തെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

വിഴിഞ്ഞം പദ്ധതിയുടെ സ്തംഭനാവസ്ഥ

1874 ശ്രീ. പി. കെ. ഗുരുദാസൻ
,, വി. ശിവൻകുട്ടി
,, ബി. സത്യൻ
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം പദ്ധതി സ്തംഭനാവസ്ഥയിലായിരിക്കുന്നത് എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ ; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ബി) വിഴിഞ്ഞം തുറമുഖ പദ്ധതി മത്സ്യബന്ധനത്തിനും ടൂറിസത്തിനും ദോഷകരമായിരിക്കുമെന്ന നിലപാടുമായി ഐ. എഫ്.സി ഓംബുഡ്സ്മാനെ ആരെങ്കിലും സമീപിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിന്മേൽ സർക്കാർ നിലപാട് വ്യക്തമാക്കുമോ;

(സി) തുറമുഖ നിർമ്മാണത്തിനുള്ള പരിസ്ഥിതി അനുമതി ലഭിച്ചിട്ടുണ്ടോ ; ആയത് ലഭിക്കാൻ താമസിക്കുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ ; നിർമ്മാണം ഇനിയും താമസിച്ചാലുണ്ടാകുന്ന അധിക ചെലവ് എത്ര കോടിയായിരിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോയെന്നറിയിക്കുമോ ?

## കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>വിഴിഞ്ഞം തുറമുഖ പദ്ധതി</u>

1875 ശ്രീ. മോൻസ് ജോസഫ്
,, റ്റി. യു. കുരുവിള
,, സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്തെ വിവിധ തുറമുഖ പദ്ധതികൾ നടപ്പാക്കുന്നതിൽ നേരിടുന്ന കാലതാമസം ഒഴിവാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 17.12.2012–ലെ മറുപടിക്ക്

<u>'വിഴിഞ്ഞം പദ്ധതി'</u>

1876 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'വിഴിഞ്ഞം പദ്ധതി' ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

(ബി) ഇതുമായി ബന്ധപ്പെട്ട റോഡ്, റെയിൽ, വൈദ്യുതി, ജല വിതരണം തുടങ്ങിയ പ്രവർത്തനങ്ങളുടെ നിലവിലുള്ള അവസ്ഥ എന്താണ് ;

(സി) വിഴിഞ്ഞം പദ്ധതി എന്ന് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് അറിയിക്കുമോ ;

(ഡി) നിലവിൽ എന്ത് പ്രവർത്തനങ്ങളാണ് നടപ്പാക്കികൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 17.12.2012-ലെ മറുപടിക്ക്

വിഴിഞ്ഞം പോർട്ട് ഓപ്പറേറ്റർ നിയമനം

1877

ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ;

(ബി) 2011 - 12 ലെ ബഡ്ജറ്റിൽ എത്ര തുകയാണ് ഇതിനായി നീക്കിവച്ചിരുന്നത്; എത്ര ചെലവഴിച്ചു; തുക ചെലവഴിക്കാനായില്ലെങ്കിൽ എന്തുകൊണ്ട്; വിശദമാക്കുമോ;

(സി) തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ ഇനി അവശേഷിക്കുന്നുണ്ട്; വിശദമാക്കുമോ;

(ഡി) പോർട്ട് ഓപ്പറേറ്ററെ തീരുമാനിയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരാണ്;

(ഇ) പോർട്ട് ഓപ്പറേറ്റർ നിയമനവുമായി ബന്ധപ്പെട്ട് തർക്കങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ എന്താണ് തർക്കവിഷയം; അത് പരിഹരിക്കാൻ എന്തു നടപടി സ്വീകരിച്ചു; വിശദമാക്കാമോ ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>ബേപ്പൂർ മത്സ്യബന്ധന തുറമുഖം</u>

1878 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ മത്സ്യബന്ധന തുറമുഖത്തിന്റെ നവീകരണത്തിന് സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(ബി) എന്തു തുകയുടെ പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയത്;

(സി) ഏത് ഏജൻസി മുഖേനയാണ് പ്രവൃത്തികൾ നടപ്പിലാക്കുന്നത്;

(ഡി) ഇത് എന്ന് പൂർത്തിയാക്കുവാൻ സാധിക്കും; വിശദമാക്കുമോ?

# കേരള നിയമസഭ
# 17.12.2012–ലെ മറുപടിക്ക്

<u>മത്സ്യബന്ധന തുറമുഖങ്ങളുടെ നവീകരണം</u>

1879 ശ്രീ. റ്റി.എൻ. പ്രതാപൻ
,, അൻവർ സാദത്ത്
,, ആർ. സെൽവരാജ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം മത്സ്യബന്ധന തുറമുഖങ്ങളാണ് നവീകരിക്കാനുദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(ബി) നവീകരണം പൂർത്തിയാക്കാൻ എന്തൊക്കെ നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട്?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

<u>കാഞ്ഞങ്ങാട് മണ്ഡലത്തിലെ അജാനൂർ കടപ്പുറത്ത് മത്സ്യബന്ധന തുറമുഖം</u>

1880 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിലെ അജാനൂർ കടപ്പുറത്ത് മത്സ്യബന്ധന തുറമുഖം നിർമ്മിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ;

(ബി) ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

<u>ബേപ്പൂർ തുറമുഖത്തിലെ അനധികൃത മണലൂറ്റ്</u>

1881 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ തുറമുഖത്തിന്റെ പരിധിയിൽ അനധികൃത മണലൂറ്റ് നടക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

<u>ആലപ്പുഴ തുറമുഖ വികസനം</u>

1882 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ തുറമുഖ വികസനത്തിനായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഇതിനായി ഏതെങ്കിലും പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അവയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>രാജീവ്ഗാന്ധി ഇന്റർനാഷണൽ കണ്ടെയ്നർ ടെർമിനലിന്റെ നടത്തിപ്പ്</u>

1883

ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വെല്ലിംഗ്ടൺ ഐലന്റിലെ രാജീവ്ഗാന്ധി ഇന്റർനാഷണൽ കണ്ടെയ്നർ ടെർമിനലിന്റെ നടത്തിപ്പ് ഏത് കമ്പനിയ്ക്കാണ് നൽകിയിരിക്കുന്നത്; വ്യക്തമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട കരാർ വ്യവസ്ഥകൾ എന്താണ്; വ്യക്തമാക്കാമോ;

(സി) സ്വകാര്യ കമ്പനി ഏറ്റെടുത്തതിനുശേഷം വരുമാന വിഹിതമായി കമ്പനി എത്ര തുക സർക്കാരിന് നൽകിയിട്ടുണ്ട്; വ്യക്തമാക്കാമോ;

(ഡി) ടെർമിനലിൽ നിന്നുള്ള വരുമാനത്തിന്റെ കണക്കുകൾ പരിശോധനാവിധേയമാക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ഇ) ഈ കരാർ മൂലം ടെർമിനലിന്റെ നടത്തിപ്പിൽ നഷ്ടം നേരിട്ടാൽ കരാർ റദ്ദാക്കാൻ സാധിക്കുമോ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

<u>തീരദേശ/ഉൾനാടൻ മത്സ്യമേഖലകളിലെ റോഡുകൾ</u>

1884 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

തീരദേശ/ഉൾനാടൻ മത്സ്യബന്ധന മേഖലകളിലെ റോഡുകൾ നവീകരിക്കുന്നതിലേക്കായി കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുവോ; വിശദാംശം അറിയിക്കുമോ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>തീരദേശ റോഡുകളുടെ നവീകരണം</u>

1885 ശ്രീമതി. ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോവളം നിയോജകമണ്ഡലത്തിലെ തീരദേശ റോഡുകൾ നവീകരിക്കണം എന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ആയതിന്റെ വിശദാംശം വ്യക്തമാക്കുമോ ;

(സി) ആയതിന്മേൽ എന്ത് നടപടി സ്വീകരിച്ചു; വ്യക്തമാക്കാമോ ?

## കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>വെള്ളാര്‍ - പനത്തുറക്കരയില്‍ റോഡു നിര്‍മ്മാണം</u>

1886 ശ്രീ. വി. ശിവന്‍കുട്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നേമം നിയോജകമണ്ഡലത്തിലെ വെള്ളാര്‍-പനത്തുറക്കരയില്‍ റോഡു നിര്‍മ്മിക്കുന്നത് സംബന്ധിച്ച് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കില്‍ ആയതിന്റെ വിശദാംശങ്ങള്‍ വ്യക്തമാക്കുമോ ;

(സി) പ്രസ്തുത നിവേദനത്തില്‍ സ്വീകരിച്ച നടപടി എന്തെല്ലാം ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>മാവേലിക്കര മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് ഏറ്റെടുത്തിട്ടുള്ള റോഡുകൾ</u>

1887 **ശ്രീ. ആർ. രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് ഏറ്റെടുത്തിട്ടുള്ള റോഡുകൾ ഏതെല്ലാം;

(ബി) ഇവയുടെ നിർമ്മാണത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ;

(സി) അടിയന്തിരമായി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

അരൂർ മണ്ഡലത്തിലെ റോഡു നിർമ്മാണം

1888 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സരക്കാർ അധികാരമേറ്റ ശേഷം അരൂർ മണ്ഡലത്തിൽ എം. എല. എ. മാരുടെ അപേക്ഷ പ്രകാരം ഫിഷറീസ് വകുപ്പ് വഴി ഏതൊക്കെ റോഡുകൾക്ക് എത്ര രൂപ വീതം അനുവദിച്ചു; വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

തീരപ്രദേശത്ത് പുലിമുട്ടുകൾ

1889 ശ്രീമതി ഗീതാഗോപി

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

തളിക്കുളം, വലപ്പാട്, നാട്ടിക തീരപ്രദേശങ്ങളിൽ പുലിമുട്ടുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ അടുത്ത കാലവർഷത്തിനു മുമ്പായി നിർമ്മാണം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>മഞ്ചേശ്വരം ഫിഷിംഗ് ഹാർബർ</u>

1890 ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം ഫിഷിംഗ് ഹാർബർ ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം അറിയിക്കുമോ ;

(ബി) പ്രസ്തുത ഹാർബർ എപ്പോൾ ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>ചാലിയം ഫിഷ് ലാന്റിംഗ് സെന്റർ</u>

1891 ശ്രീ. എളമരം കരിം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലിയം ഫിഷ് ലാന്റിംഗ് സെന്റർ യാഥാർത്ഥ്യമാക്കാനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കാമോ;

(ബി) ഇതിനായുള്ള ഭൂമി ഏറ്റെടുക്കൽ പൂർത്തീകരിച്ചിട്ടുണ്ടോ;

(സി) കിൻഫ്ര നടത്തുന്ന നവീകരണ പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കുവാൻ സാധിക്കും; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 17.12.2012–ലെ മറുപടിക്ക്

<u>കടലുണ്ടി നഗരപ്രദേശത്ത് ഫിഷറീസ് ബോട്ട്ജട്ടി തുടങ്ങുന്നതിന് നടപടി</u>

1892 ശ്രീ. കെ.എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വളളിക്കുന്ന് മണ്ഡലത്തിൽ കടലുണ്ടി നഗരപ്രദേശത്ത്, ഒരു മിനി ഫിഷറീസ് ബോട്ട് ജട്ടി തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) ആയതിന് എത്ര തുക ചെലവാകുമെന്നാണ് കരുതുന്നത് ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>തണൽ പദ്ധതി</u>

1893 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, ഐ. സി. ബാലകൃഷ്ണൻ
,, വി. പി. സജീന്ദ്രൻ
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തണൽ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്നും ഏതെല്ലാം വകുപ്പുകളുടെ സഹായത്തോടെയാണ് പദ്ധതി നടപ്പാക്കുന്നതെന്നും എന്തെല്ലാം കേന്ദ്ര സഹായമാണ് പ്രസ്തുത പദ്ധതിയ്ക്കായി ലഭിക്കുന്നതെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
# 17.12.2012–ലെ മറുപടിക്ക്

മല്‍സ്യ തൊഴിലാളികള്‍ക്കുള്ള ഭവന നിര്‍മ്മാണ പദ്ധതി

1894 ശ്രീ. ആര്‍ സെല്‍വരാജ്
,, വി. റ്റി. ബല്‍റാം
,, വി. ഡി. സതീശന്‍
,, വര്‍ക്കല കഹാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മല്‍സ്യത്തൊഴിലാളികള്‍ക്കുള്ള ഭവന നിര്‍മ്മാണ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാം ആണെന്ന് വിശദമാക്കുമോ;

(ബി) മല്‍സ്യത്തൊഴിലാളികള്‍ക്ക് ഭവന നിര്‍മ്മാണത്തിന് എന്തെല്ലാം സൗകര്യങ്ങളാണ് പദ്ധതിയില്‍ ഒരുക്കിയിട്ടുള്ളത്; വിശദാംശങ്ങള്‍ വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയനുസരിച്ച് എത്ര വീടുകള്‍ നിര്‍മ്മിക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്;

(ഡി) എന്തെല്ലാം കേന്ദ്രസഹായങ്ങളാണ് പ്രസ്തുത പദ്ധതിക്ക് ലഭിക്കുന്നത്; വിശദാംശങ്ങള്‍ നല്‍കുമോ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതി</u>

1895 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി കടാശ്വാസത്തിനായി എത്രപേരെയാണ് നാളിതുവരെ ശുപാർശ ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം മത്സ്യത്തൊഴിലാളി കടാശ്വാസകമ്മീഷൻ ശുപാർശ ചെയ്ത എത്ര പേർക്ക് കടാശ്വാസ തുക അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) ദേശസാൽകൃത ബാങ്കുകളിൽ നിന്നും മത്സ്യത്തൊഴിലാളികൾ എടുത്തിട്ടുള്ള കടങ്ങൾക്ക് ആശ്വാസം അനുവദിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(ഡി) മത്സ്യത്തൊഴിലാളികൾ എടുത്തിട്ടുള്ള കടങ്ങൾക്ക് സർക്കാർ പ്രഖ്യാപിച്ച മൊറൊട്ടോറിയം നിലനിൽക്കെ പണം തിരിച്ചുപിടിക്കുന്നതിന് വിവിധ ബാങ്കുകളിൽ നടപടികൾ സ്വീകരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത്തരം പരാതികൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(ഇ) മത്സ്യത്തൊഴിലാളികൾ എടുത്തിട്ടുള്ള കടങ്ങൾക്ക് പ്രഖ്യാപിച്ച മൊറൊട്ടോറിയത്തിന്റെ കാലാവധി എന്നുവരെയാണ് ; മൊറൊട്ടോറിയത്തിന്റെ കാലാവധി ദീർഘിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

**മത്സ്യത്തൊഴിലാളികൾക്ക് ബയോ മെട്രിക് തിരിച്ചറിയൽ കാർഡ്**

1896 ശ്രീ. സി. പി. മുഹമ്മദ്
,, സണ്ണി ജോസഫ്
,, എം. എ. വാഹീദ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്ക് ബയോ മെട്രിക് തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത കാർഡ് കൊണ്ട് മത്സ്യത്തൊഴിലാളികൾക്ക് എന്തെല്ലാം പ്രയോജനങ്ങളാണ് ലഭിക്കുന്നതെന്നും പ്രസ്തുത പദ്ധതിക്ക് എന്തെല്ലാം കേന്ദ്രസഹായമാണ് ലഭിക്കുന്നതെന്നും വ്യക്തമാക്കുമോ?;

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

<u>മത്സ്യബന്ധന മണ്ണെണ്ണ പെർമിറ്റ്</u>

1897 ഡോ. ടി.എം. തോമസ് ഐസക്
ശ്രീ. എളമരം കരീം
,, എസ്. ശർമ്മ
,, കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണ പെർമിറ്റ് അനുവദിക്കുമ്പോൾ ഒരു വഞ്ചിക്ക് എത്ര എഞ്ചിൻ എന്ന കണക്കിനാണ് പെർമിറ്റ് നൽകി വരുന്നത് ; എഞ്ചിന്റെ കാലപ്പഴക്കം പെർമിറ്റ് നൽകുന്നതിന് ഒരു ഘടകമാണോ; എങ്കിൽ എത്ര വർഷം ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

<u>ഉൾനാടൻ മത്സ്യകൃഷി</u>

1898 ശ്രീ. പി എ. മാധവൻ
,, റ്റി. എൻ. പ്രതാപൻ
,, പാലോട് രവി
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഉൾനാടൻ മത്സ്യകൃഷി വികസന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ;

(സി) മത്സ്യകുഞ്ഞുങ്ങളുടെ ഉല്പാദനവും വിപണനവും വർദ്ധിപ്പിക്കുവാൻ എന്തെല്ലാം നടപടികളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദാംശം വ്യക്തമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം കേന്ദ്ര സഹായമാണ് ലഭിക്കുന്നതെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

<u>മത്സ്യത്തൊഴിലാളികളുടെ ക്ഷേമ പദ്ധതികൾ</u>

1899 ശ്രീ. പി.എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാം;

(ബി) മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണ വില്പനയിലെ തിരിമറികൾ അവസാനിപ്പിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ;

(സി) മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് നൽകുന്ന പഠന സ്കോളർഷിപ്പ് കാലോചിതമായി വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 17.12.2012-ലെ മറുപടിക്ക്

<u>മാതൃകാമത്സ്യഗ്രാമം പദ്ധതി</u>

1900 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കിവരുന്ന മാതൃകാ മത്സ്യ ഗ്രാമം പദ്ധതിയ്ക്കായി ഇതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി നടത്തിപ്പ് ഏതു ഘട്ടംവരെ പൂർത്തിയായി എന്ന് വിശദമാക്കാമോ ;

(സി) പ്രസ്തുത പദ്ധതിയ്ക്കായി പ്രദേശങ്ങൾ തെരഞ്ഞെടുത്തപ്പോൾ അവിടങ്ങളിൽ പാർക്കുന്ന മത്സ്യത്തൊഴിലാളികളുടെ എണ്ണം മാനദണ്ഡമാക്കിയോ എന്ന കാര്യം വ്യക്തമാക്കാമോ ;

(ഡി) പ്രോജക്ട് തയ്യാറാക്കി സമർപ്പിച്ചാൽ, വൈക്കത്തെക്കൂടി 'മാതൃകാമത്സ്യഗ്രാമം പദ്ധതി'യിൽ ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിക്കുമോ എന്നു വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

പള്ളിത്തോട്ടിൽ സമഗ്ര മത്സ്യ ഗ്രാമ പദ്ധതി

1901 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സമഗ്ര മത്സ്യഗ്രാമ പദ്ധതിയിൽ ഉൾപ്പെടുത്തി പള്ളിത്തോട്ടിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത് ;

(ബി) ഓരോ പദ്ധതിക്കും എന്ത് തുക വീതമാണ് വകയിരുത്തിയിരിക്കുന്നത് ;

(സി) ഈ പദ്ധതികൾ എന്ന് ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും വേണ്ടി നടപ്പിലാക്കിയ ക്ഷേമ പദ്ധതികൾ</u>

1902 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം, ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ മേഖലയിലെ തൊഴിലാളികൾക്കും വേണ്ടി നടപ്പിലാക്കിയ ക്ഷേമപദ്ധതികൾ എന്തെല്ലാമാണെന്നും അവയ്ക്കുവേണ്ടി എത്ര തുക വിനിയോഗിച്ചു എന്നും വിശദമാക്കുമോ;

(ബി) ഉൾനാടൻ മത്സ്യമേഖലയുടെ വികസനത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടുവെന്നും ഇവയ്ക്കുവേണ്ടി എത്ര തുക ചെലവഴിച്ചുവെന്നും വിശദമാക്കുമോ; ചേർത്തല മണ്ഡലത്തിലെ തണ്ണീർമുക്കം, മുഹമ്മ, പട്ടണക്കാട്, കടക്കരപ്പള്ളി തുടങ്ങിയ പ്രദേശങ്ങളിലെ ഉൾനാടൻ മത്സ്യമേഖലയുടെ അഭിവൃദ്ധിക്ക് ചെലവഴിച്ച തുകയും വ്യക്തമാക്കുമോ;

(സി) മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കും കുടുംബത്തിനും ലഭിക്കുന്ന ആനുകൂല്യങ്ങൾ, മത്സ്യമേഖലയിലെ അനുബന്ധതൊഴിലാളികളുടെയും ഉൾനാടൻ മത്സ്യമേഖലയിലെ തൊഴിലാളികളുടെയും കുടുംബങ്ങൾക്കും കുട്ടികൾക്കും ലഭിക്കുന്നുണ്ടോ; ഇല്ലെങ്കിൽ അവർക്കും ഇത് ലഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

മത്സ്യബന്ധന ഉപകരണങ്ങൾക്ക് ഇൻഷുറൻസ് പരിരക്ഷ

1903 ശ്രീ. പാലോട് രവി
,, ബെന്നി ബെഹനാൻ
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൽസ്യത്തൊഴിലാളികളുടെ മൽസ്യബന്ധന ഉപകരണങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം അപകടങ്ങൾക്കും നാശനഷ്ടങ്ങൾക്കും ആണ് പരിരക്ഷ നൽകുന്നത്;

(സി) ഏതു പദ്ധതിയിൽപ്പെടുത്തിയാണ് ഇൻഷ്വറൻസ് പരിരക്ഷ നടപ്പാക്കുന്നത്;

(ഡി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഇത് പ്രാവർത്തികമാക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

മത്സ്യഫെഡിന്റെ വല നിർമ്മാണ ഫാക്ടറികൾ

1904 ശ്രീ. എസ്. ശർമ്മ
,, എ. എം. ആരിഫ്
,, കെ. ദാസൻ
,, സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യഫെഡിന്റെ വല നിർമ്മാണ ഫാക്ടറികൾ തകർക്കാൻ ആസൂത്രിത ശ്രമം നടന്നുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മത്സ്യഫെഡ് ഏതെല്ലാം തരം വലകളാണ് നിലവിൽ നിർമ്മിച്ചുവരുന്നത് ; ആഴക്കടൽ മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്ന വലകൾ നിർമ്മിക്കാൻ മത്സ്യഫെഡിന് കഴിയുമോ : എങ്കിൽ അതിനുള്ള ശ്രമങ്ങൾ നിർത്തിവെച്ചിരിക്കുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(സി) മത്സ്യഫെഡ് പരമ്പരാഗത മേഖലയിൽ ഊന്നി മാത്രം വലകൾ ഉല്പാദിപ്പിച്ചാൽ മതി എന്ന് നിർദ്ദേശിച്ചിട്ടുണ്ടോ ; എങ്കിൽ കാരണമെന്തായിരുന്നു ;

(ഡി) മത്സ്യഫെഡ് വഴി കൊല്ലത്ത് സ്ഥാപിക്കാൻ മുൻസർക്കാർ തീരുമാനിച്ച വല നിർമ്മാണ ഫാക്ടറിയുടെ നിർമ്മാണം നിർത്തിവക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

# കേരള നിയമസഭ
# 17.12.2012–ലെ മറുപടിക്ക്

<u>കായലുകളിലും കുളങ്ങളിലും മത്സ്യകൃഷി</u>

1905 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായലുകളിലെ മത്സ്യ സമ്പത്ത് സംരക്ഷിക്കാനും വർദ്ധിപ്പിക്കാനും തിരുവനന്തപുരം ജില്ലയിൽ എവിടെയെല്ലാമാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് ;

(ബി) കുളങ്ങളിലും മറ്റു ജലാശയങ്ങളിലും മത്സ്യകൃഷി ചെയ്യുന്ന കർഷകർക്ക് സാമ്പത്തികസഹായം ലഭ്യമാക്കാറുണ്ടോ ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>'ഫിഷ് കിയോസ്കുകൾ'</u>

1906 ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'ഫിഷ് മെയ്ഡ്' എന്ന ബ്രാൻഡിൽ ഇതുവരെ എത്ര 'ഫിഷ് കിയോസ്കുകൾ' എവിടെയൊക്കെ സ്ഥാപിച്ചു ; വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഫിഷ് കിയോസ്ക്കുകളുടെ പ്രവർത്തനം വിശദമാക്കാമോ ;

(സി) കാസർഗോഡ് ജില്ലയിൽ ഫിഷ് കിയോസ്കുകൾ സ്ഥാപിക്കുന്നതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>ലംപ്സം ഗ്രാന്റ് കുടിശ്ശിക</u>

1907 ശ്രീ. റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് ലംപ്സം ഗ്രാന്റ് തുക യഥാസമയം നൽകുന്നുണ്ടോ; ഇല്ലെങ്കിൽ കുടിശ്ശിക തീർക്കുവാൻ എന്ത് നടപടി സ്വീകരിച്ചു;

(ബി) പ്രസ്തുത ലംപ്സം ഗ്രാന്റ് കുടിശ്ശിക നൽകുന്നതിനായി ബഡ്ജറ്റിൽ മതിയായ തുക വകകൊള്ളിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) തീരദേശ വിദ്യാർത്ഥികളുടെ കായികക്ഷമത പോഷിപ്പിക്കുന്നതിനായി ഒരു സ്പോർട്സ് സ്കൂൾ ആരംഭിക്കുമോ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

മത്സ്യബന്ധന മേഖലയിലെ വിദ്യാർത്ഥികൾക്ക്
ലംപ്സംഗ്രാന്റ് കുടിശ്ശിക നൽകാൻ നടപടി

1908 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യബന്ധന മേഖലയിലെ വിദ്യാർത്ഥികൾക്ക് നൽകിവരുന്ന ലംപ്സം ഗ്രാന്റ് എത്ര രൂപയാണെന്ന് ക്ലാസ്സ് തിരിച്ച് വ്യക്തമാക്കുമോ ;

(ബി) എത്ര മാസത്തെ കുടിശ്ശികയാണ് നൽകാനുള്ളത് ;

(സി) പ്രതിവർഷം ലംപ്സം ഗ്രാന്റ് നൽകുന്നതിനായി എത്ര കോടി രൂപ ചെലവ് വരും ;

(ഡി) ഇത്രയും തുക ബഡ്ജറ്റിൽ ചെലവിനത്തിൽ മാറ്റി വയ്ക്കാറുണ്ടോ ;

(ഇ) മുഴുവൻ കുട്ടികൾക്കും ലംപ്സം ഗ്രാന്റ് ലഭിക്കുന്നതിനാവശ്യമായ തുക ബഡ്ജറ്റിൽ നീക്കി വയ്ക്കുവാൻ തയ്യാറാകുമോ ;

(എഫ്) ലംപ്സം ഗ്രാന്റ് കുടിശ്ശിക തുക എന്നത്തേക്ക് കൊടുത്തു തീർക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

<u>സമുദ്രമത്സ്യബന്ധന ബിൽ</u>

1909 ശ്രീ. പി. ശ്രീരാമകൃഷ്ണൻ
,, കെ. ദാസൻ
,, സി. കൃഷ്ണൻ
,, എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സമുദ്രമത്സ്യബന്ധന ബിൽ നടപ്പാക്കാൻ കേന്ദ്ര സർക്കാർ വീണ്ടും ശ്രമം ആരംഭിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ആഴക്കടൽ മേഖല വൻ ട്രോളറുകൾക്ക് പതിച്ചു നൽകാനുള്ള നീക്കം മത്സ്യത്തൊഴിലാളികളെ ഏതെല്ലാം നിലയിൽ ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(സി) നിർദ്ദിഷ്ട ബിൽ ഉപേക്ഷിക്കുവാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുവാൻ തയ്യാറാകുമോ ; ഇക്കാര്യത്തിൽ സംസ്ഥാനത്തു നിന്നുള്ള എം.പി. മാരും കേന്ദ്ര മന്ത്രിമാരും സ്വീകരിച്ച നിലപാട് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

<u>ജലപരിഷ്കരണ ബില്ല്</u>

1910 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും**
**എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് ആരംഭിച്ച മത്സ്യമേഖലയിലെ ജലപരിഷ്കരണ ബില്ലിന്റെ കരട് പൂർത്തിയായോ;

(ബി) ഈ ബിൽ നിയമമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത ബില്ലിലെ പ്രധാന വ്യവസ്ഥകൾ എന്തെല്ലാം;

(ഡി) മത്സ്യത്തൊഴിലാളി ട്രേഡ് യൂണിയനുകളുമായി ചർച്ച ചെയ്ത് ബില്ലിന് അന്തിമരൂപം നൽകുമോ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

<u>കൊയിലാണ്ടി മണ്ഡലത്തിൽ ഉൾപ്പെടുന്ന മത്സ്യഗ്രാമങ്ങൾ</u>

1911 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിലെ മത്സ്യഗ്രാമങ്ങൾ ഏതെല്ലാമെന്നും ഓരോ മത്സ്യഗ്രാമത്തിലും എത്ര മത്സ്യ തൊഴിലാളി കുടുംബങ്ങളുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) സർക്കാർ നടപ്പിലാക്കുന്ന മാതൃകാ മത്സ്യഗ്രാമം പദ്ധതി യിൽ എന്തെല്ലാം പരിപാടികളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) മാതൃകാ മത്സ്യഗ്രാമം പദ്ധതിയിൽ കൊയിലാണ്ടി മണ്ഡലത്തിലെ ഏതെല്ലാം മത്സ്യ ഗ്രാമങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

(ഡി) ഉൾപ്പെടുത്തിയിട്ടില്ലെങ്കിൽ കൊയിലാണ്ടി മണ്ഡലത്തിലെ കൂടുതൽ മത്സ്യതൊഴിലാളികൾ അധിവസിക്കുന്ന മത്സ്യഗ്രാമങ്ങളെ പദ്ധതിയിലുൾപ്പെടുത്താൻ സർക്കാർ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 17.12.2012–ലെ മറുപടിക്ക്

<u>കേന്ദ്ര സമുദ്ര–മത്സ്യബന്ധന നിയമം</u>

1912 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സമുദ്ര മത്സ്യബന്ധന നിയമം പ്രാബല്യത്തിൽ വന്നിട്ടുണ്ടോ;

(ബി) ഈ നിയമത്തിൽ നിലനിൽക്കുന്ന മത്സ്യത്തൊഴിലാളി വിരുദ്ധമായ വ്യവസ്ഥകൾ ഒഴിവാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുളളത്;

(സി) ഈ നിയമപ്രകാരം വിദേശ മത്സ്യബന്ധന കപ്പലുകൾക്ക് കേരളത്തിന്റെ തീരക്കടലിൽ കടന്ന് മത്സ്യബന്ധനം നടത്താൻ കഴിയുന്ന വ്യവസ്ഥകൾ നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 17.12.2012-ലെ മറുപടിക്ക്

<u>മത്സ്യഫെഡിലെ ഭരണസമിതി</u>

1913

ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യഫെഡിന് നിലവിൽ ഭരണസമിതിയുണ്ടോ; നിലവിലുണ്ടായിരുന്ന ഭരണസമിതി പിരിച്ചുവിടപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഭരണസമിതി ഇല്ലാതായിട്ട് എത്ര നാളായി; വ്യക്തമാക്കാമോ;

(ബി) പുതിയ ഭരണസമിതി തെരഞ്ഞെടുപ്പ് എന്നു നടത്തും; വ്യക്തമാക്കാമോ;

(സി) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ അംഗസംഖ്യ എത്ര; വ്യക്തമാക്കാമോ;

(ഡി) ബോർഡിൽ നിലവിൽ ഉള്ള അംഗങ്ങളുടെ എണ്ണം എത്ര; വ്യക്തമാക്കാമോ;

(ഇ) മുഴുവൻ അംഗങ്ങളേയും ഉൾപ്പെടുത്തി ബോർഡ് രൂപീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; എന്ന് രൂപീകരിക്കുമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 17.12.2012-ലെ മറുപടിക്ക്

<u>ആർ. ഐ. ഡി. എഫ്</u>

1914 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് വകുപ്പ് 2011-12-ൽ ആർ. ഐ. ഡി. എഫ്. പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുണ്ടായിരുന്നോ;

(ബി) എങ്കിൽ അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ഇതിനായി 2011-12 ബഡ്ജറ്റിൽ വകകൊള്ളിച്ചിരുന്നത് എന്ത് തുകയാണ്; ഇതിൽ എത്രലക്ഷം രൂപ ചെലവഴിച്ചു; അത് ഏതെല്ലാം പ്രോജക്ടുകൾക്കാണ് ചെലവഴിച്ചത്;

(ഡി) ബഡ്ജറ്റിൽ വകകൊള്ളിച്ച തുക പൂർണ്ണമായും ചെലവഴിക്കാത്തതിനുള്ള കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 17.12.2012–ലെ മറുപടിക്ക്

<u>മത്സ്യത്തൊഴിലാളികൾക്കുള്ള നഷ്ടപരിഹാരം</u>

1915 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കടലാക്രമണത്തിലോ പ്രകൃതിക്ഷോഭത്തിലോ മത്സ്യബന്ധന ഉപകരണങ്ങൾ തകർന്നാൽ നഷ്ടപരിഹാരം ലഭിക്കുന്നതിന് നിലവിൽ വ്യവസ്ഥയുണ്ടോ;

(ബി) എങ്കിൽ അതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം ആലപ്പുഴ ജില്ലയിൽ ഇത്തരത്തിലുള്ള എത്ര അപേക്ഷകൾ ലഭിച്ചു, അതിൽ എത്ര പേർക്ക് എന്ത് തുക നഷ്ടപരിഹാരം നൽകി വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>ഫിഷ് മാർക്കറ്റുകൾ</u>

1916 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര ഫിഷ് മാർക്കറ്റുകൾ ഏതൊക്കെ നിയോജകമണ്ഡലങ്ങളിൽ അനുവദിച്ചു; വ്യക്തമാക്കാമോ;

(ബി) ഇവയുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ; എന്ത് തുക യാണ് ഓരോ മണ്ഡലത്തിലും നീക്കിവച്ചിരിക്കുന്നത്;

(സി) ഫിഷ് മാർക്കറ്റുകളുടെ മെയിന്റനൻസിനായി എത്ര തുക അനുവദിച്ചിട്ടുണ്ട്; വൈപ്പിൻ നിയോജകമണ്ഡല ത്തിൽ എത്ര തുക അനുവദിച്ചു; വിശദമാക്കാമോ;

(ഡി) ഈ മണ്ഡലത്തിൽ പുതിയതായി ഫിഷ് മാർക്കറ്റ് അനു വദിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ സ്ഥലങ്ങളിലാണ്; വ്യക്തമാക്കുമോ; ഇല്ലെങ്കിൽ അനുവദിക്കുവാൻ ഉദ്ദേ ശിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

ചാലക്കുടി മുനിസിപ്പാലിറ്റിവക മത്സ്യമാർക്കറ്റ്

1917 ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മുനിസിപ്പാലിറ്റിവക മത്സ്യമാർക്കറ്റ് കച്ചവടക്കാർക്ക് വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട് പരാതികളും ആക്ഷേപങ്ങളും നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് അന്വേഷണം നടത്തി പരാതി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

ഫിഷറീസ് ടെക്നിക്കൽ റസിഡൻഷ്യൽ സ്കൂൾ മെസ്സ്
അലവൻസ് വർദ്ധനവ്

1918 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് ടെക്നിക്കൽ റസിഡൻഷ്യൽ സ്കൂളിലെ എസ്.സി./എസ്.ടി. കുട്ടികളുടെ മെസ്സ് അലവൻസ് വർദ്ധിപ്പിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ വിഷയം പരിഗണിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം

1919

ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടിയിൽ മത്സ്യത്തൊഴിലാളികളായ രണ്ടു പേരുടെ ബോട്ടുകളും ജീവനോപാധികളും പ്രകൃതി ക്ഷോഭത്തിൽപ്പെട്ട് നഷ്ടപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ തൊഴിലാളികൾ നഷ്ടപരിഹാരത്തിന് നൽകിയ നിവേദനത്തിൽ എന്തു നടപടി സ്വീകരിച്ചു;

(സി) ഇവർക്ക് എപ്പോൾ നഷ്ടപരിഹാരം ലഭ്യമാകും; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

<u>കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി പോള നിർമ്മാർജ്ജനം</u>

1920 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി പോള നിർമ്മാർജ്ജനത്തിന് ഇതുവരെ എത്ര തുക അനുവദിച്ചുവെന്ന് വിശദമാക്കാമോ;

(ബി) കുട്ടനാട് പാക്കേജിൽ ഏതെല്ലാം പ്രദേശങ്ങളിലെ പോള നീക്കം ചെയ്തുവെന്ന് വ്യക്തമാക്കുമോ;

(സി) പോള വാരുന്നതിന് കരാറുകാരന് എത്ര തുക നൽകിയെന്നും എത്ര തുക കുടിശ്ശിക ഉണ്ടെന്നും വിശദമാക്കുമോ;

(ഡി) കുട്ടനാട് ഭൂതപണ്ഡം കായലിലെ പോള വാരുന്നത് നിർത്തി വച്ചതിനുള്ള കാരണം വിശദമാക്കുമോ;

(ഇ) മനക്കൽചിറ ഭാഗത്ത് വള്ളംകളിക്ക് വേണ്ടി പോള വാരുന്നതിന് പ്രത്യേക അനുമതി നൽകിയത് ആരുടെ അപേക്ഷയെ തുടർന്നാണെന്ന് വ്യക്തമാക്കുമോ;

(എഫ്) കുട്ടനാട്ടിലെ ഭൂതപണ്ഡം കായലിലെയും എ. സി. കനാലിലെയും പോള വാരുന്നതിന് സമർപ്പിച്ച അപേക്ഷയിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

(ജി) പോള വാരുന്നത് നിർത്തി വച്ച് റീ ടെണ്ടർ ചെയ്യാനുള്ള കാരണം വ്യക്തമാക്കുമോ;

(എച്ച്) ഇക്കഴിഞ്ഞ പ്രോസ്പിരിറ്റി കൗൺസിലിൽ ഫിർമയ്ക്ക് പോള വാരുന്നതിന് 3 കോടി രൂപ അനുവദിച്ചിരുന്നത് വാരിയ പോളയുടെ കുടിശ്ശിക തുക നൽകുന്നതിനാണോ എന്ന് വ്യക്തമാക്കുമോ;

(ഐ) എ. സി. കനാലിലെയും ഭൂതപണ്ഡം കായലിലെയും പോള വാരുന്നതിന് സമയോചിതമായി നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>ഗ്ലൂക്കോസെമിൻ ഫാക്ടറി</u>

1921 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുന്നപ്ര-പറവൂർ നിർമ്മിക്കുന്ന ഗ്ലൂക്കോസെമിൻ ഫാക്ടറിയുടെ പ്രവർത്തനം എന്ന് തുടങ്ങാനാണ് ഉദ്ദേശിക്കുന്നത്; അറിയിക്കാമോ;

(ബി) ഫാക്ടറി നിർമ്മാണം എന്നു പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ;

(സി) ഫാക്ടറി നിർമ്മാണ പ്രവർത്തനം നിലച്ചിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വിശദമാക്കുമോ;

(ഡി) പ്രവൃത്തിയുടെ അടങ്കൽ തുക എത്ര, ആരാണ് കരാറുകാർ എന്നിവ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

<u>മത്സ്യമേഖലയിലെ സാമൂഹ്യ സുരക്ഷാ ചെലവുകൾ</u>

1922 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ മത്സ്യ മേഖലയിലെ സാമൂഹ്യ സുരക്ഷാ ചെലവുകൾക്കായി ബഡ്ജറ്റിൽ എത്ര രൂപ അനുവദിച്ചു ; അതിൽ എത്ര രൂപ ചെലവായി ; ഇനം തിരിച്ച് വ്യക്തമാക്കുമോ ;

(ബി) സ്വാശ്രയ കോളേജുകളിൽ പഠിക്കുന്ന മത്സ്യത്തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസ ചെലവിനായി ഈ സർക്കാർ എത്ര രൂപ ചെലവഴിച്ചു ;

(സി) എത്ര വിദ്യാർത്ഥികൾക്ക് അതിന്റെ പ്രയോജനം ലഭിച്ചു ; വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ ആദിച്ചനല്ലൂർ ചിറയിൽ ഫിഷ് ഹാച്ചറി</u>

1923 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ ആദിച്ചനല്ലൂർ ചിറയിൽ ഫിഷ് ഹാച്ചറി സ്ഥാപിക്കുന്നതിലേക്ക് എത്ര രൂപ അനുവദിച്ചിരുന്നു; പ്രസ്തുത നിർമ്മാണത്തിന്റെ പുരോഗതി വിശദമാക്കുമോ;

(ബി) ഈ പദ്ധതിക്ക് എതിരെ എന്തെങ്കിലും കേസുകൾ നിലവിലുണ്ടോ; കേസിന്റെ വിശദാംശം അറിയിക്കുമോ;

(സി) പദ്ധതി പ്രവർത്തനം ആരംഭിക്കുന്നതിൽ കുറ്റകരമായ വീഴ്ച ഉദ്യോഗസ്ഥതലത്തിൽ വന്നിട്ടുള്ള വിവരം ശ്രദ്ധിച്ചിട്ടുണ്ടോ; നിലവിലുള്ള കേസുകൾ അവസാനിപ്പിച്ച് പദ്ധതി പ്രവർത്തനം ആരംഭിക്കുവാൻ സന്നദ്ധമാകുമോ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

<u>പെർഫോമൻസ് മോണിറ്ററിംഗ് & ഇവാല്യുവേഷൻ സിസ്റ്റം</u>

1924 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പെർഫോമൻസ് മോണിറ്ററിംഗ് & ഇവാല്യുവേഷൻ സിസ്റ്റത്തിന്റെ (പി.എം.ഇ.എസ്.) ഭാഗമായി 2011–12ൽ ഫിഷറീസ് വകുപ്പിന് വേണ്ടി തയ്യാറാക്കിയ റിസൽട്ട് ഫ്രെയിം വർക്ക് ഡോക്യുമെന്റിലെ (ആർ.എഫ്.ഡി) ലക്ഷ്യങ്ങൾ, അവ കൈവരിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിച്ച നടപടികൾ (ആക്ഷൻ), വിജയസൂചികകൾ (സക്സസ് ഇൻഡികേറ്റേർസ്), ടാർജെറ്റ് എന്നിവ എന്തൊക്കെയായിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതനുസരിച്ച് 2011–2012 ൽ എന്തെല്ലാം നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>കണ്ണൂർ വിമാനത്താവള നിർമ്മാണം</u>

1925 ശ്രീ. ഇ.പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ വിമാനത്താവള നിർമ്മാണത്തിനായി ആകെ എത്ര തുക സംസ്ഥാന ഗവൺമെന്റ് അനുവദിച്ചു ; സാമ്പത്തിക വർഷക്രമത്തിൽ അനുവദിച്ച തുകയുടെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഇതുവരെ അനുവദിച്ചതുക എന്തെല്ലാം ആവശ്യങ്ങൾക്കാണു വിനിയോഗിച്ചത് ; വ്യക്തമാക്കുമോ ;

(സി) ലാൻഡ് അക്വിസിഷനുവേണ്ടി ഇനി എത്ര തുക വേണ്ടി വരും ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 17.12.2012-ലെ മറുപടിക്ക്

കണ്ണൂർ വിമാനത്താവളത്തിൽ പ്രതിരോധസേനകൾക്ക് പ്രത്യേകമായി സ്ഥലം

1926 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ വിമാനത്താവളത്തിന് കേന്ദ്ര വ്യോമയാന മന്ത്രാലയം അനുമതി നൽകുമ്പോൾ പ്രതിരോധസേനകൾക്ക് പ്രത്യേകമായി സ്ഥലം ലഭ്യമാക്കണമെന്ന് വ്യവസ്ഥ ചെയ്തിരുന്നുവോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ എത്ര സ്ഥലം പ്രതിരോധ സേനകൾക്കായി നൽകണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) എതെല്ലാം പ്രതിരോധ സേനകൾക്കു സ്ഥലം നൽകണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്; വ്യക്തമാക്കുമോ;

(ഡി) ഏതെല്ലാം പ്രതിരോധ സേനകൾക്ക് എത്രമാത്രം സ്ഥലം വിട്ടുനൽകി; വ്യക്തമാക്കുമോ;

(ഇ) ഇങ്ങനെ നൽകിയ സ്ഥലത്ത് പ്രതിരോധസേനകൾ എന്ത് വികസനപ്രവർത്തനങ്ങളാണ് ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 17.12.2012–ലെ മറുപടിക്ക്

എയർ സ്ട്രിപ്പുകളുടെ നിർമ്മാണം

1927 ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിമാനത്താവളമില്ലാത്ത ജില്ലകളിൽ എയർ–സ്ട്രിപ്പുകൾ നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ എയർ–സ്ട്രിപ്പുകളുടെ നിർമ്മാണം എപ്പോൾ ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

<u>കണ്ണൂർ വിമാനത്താവള നിർമ്മാണം</u>

1928 ശ്രീ. ഇ.പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ വിമാനത്താവള നിർമ്മാണത്തിന് കേന്ദ്രവ്യോമയാന മന്ത്രാലയത്തിന്റെ അംഗീകാരം ലഭിച്ചത് ഏത് ഉത്തരവ് പ്രകാരമാണ് ; വ്യക്തമാക്കുമോ ;

(ബി) കണ്ണൂർവിമാനത്താവള നിർമ്മാണത്തിന് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ ടേംസ് ഓഫ് റഫറൻസ് അംഗീകരിച്ചത് എപ്പോഴാണ് ; വ്യക്തമാക്കുമോ ;

(സി) മന്ത്രാലയത്തിന്റെ അനുമതി ലഭിക്കുകയുണ്ടായോ ; വ്യക്തമാക്കുമോ ; അനുമതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) പ്രതിരോധ മന്ത്രാലയത്തിന്റെയും കേന്ദ്രറവന്യൂ വകുപ്പിന്റെയും അനുമതി, ബ്യൂറോ ഓഫ് സിവിൽ ഏവിയേഷന്റെ സെക്യൂരിറ്റി ക്ലിയറൻസ് എന്നിവ ഏതു ഘട്ടത്തിലാണ് ലഭിക്കേണ്ടത് ; പ്രസ്തുത ക്ലിയറൻസുകൾ ലഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

<u>കണ്ണൂർ വിമാനത്താവളത്തിലെ ഓഹരി പങ്കാളിത്തം</u>

1929 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ വിമാനത്താവളത്തിന്റെ ഓഹരി പങ്കാളിത്തത്തെ സംബന്ധിച്ച ഉത്തരവിലെ വ്യവസ്ഥകൾ എന്തെല്ലാം ; വ്യക്തമാക്കുമോ ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) 2011 മാർച്ച് 1ന് പുറപ്പെടുവിച്ച ജി. ഒ. (എം.എസ്) നമ്പർ 13/2011 ഉത്തരവിലെ വ്യവസ്ഥകൾ വിശദമാക്കുമോ ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) ഓഹരി പങ്കാളിത്തത്തിന്റെ വ്യവസ്ഥകളിൽ മാറ്റം വരുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ ; ഇതു സംബന്ധിച്ച് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; പ്രസ്തുത ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ ;

(ഡി) ഓഹരി പങ്കാളിത്തത്തിന്റെ വ്യവസ്ഥകളിൽ മാറ്റം വരുത്തുവാൻ ക്യാബിനറ്റ് തീരുമാനം എടുത്തിരുന്നുവോ ; ഏതുദിവസത്തെ ക്യാബിനറ്റിലാണ് ആയതു സംബന്ധിച്ച തീരുമാനമെടുത്തത് ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

കണ്ണൂർ വിമാനത്താവള പദ്ധതിയ്ക്കായി മൂന്നാംഘട്ട ഭൂമി ഏറ്റെടുക്കൽ

1930 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ വിമാനത്താവള പദ്ധതിയ്ക്കായി മൂന്നാം ഘട്ടം ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ്; വ്യക്തമാക്കുമോ;

(ബി) ഭൂമി വിലസംബന്ധിച്ച് നിലവിലുള്ള തർക്കങ്ങൾ പരിഹരിക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുളളത്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 17.12.2012-ലെ മറുപടിക്ക്

ആറന്മുളയിലെ ഭൂമി വിമാനത്താവളത്തിനായി കൈമാറുന്ന നടപടി

1931 ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറമുളയിലെ നെൽവയലും തണ്ണീർത്തടങ്ങളും അടങ്ങുന്ന ഭൂമി വിമാനത്താവളത്തിനായി ചെന്നൈ ആസ്ഥാനമായുള്ള കെ.ജി.എസ് കമ്പനിയ്ക്ക് പോക്കുവരവ് ചെയ്തു കൊടുക്കുന്നത് റദ്ദാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ഭൂമിയെ സംബന്ധിച്ച് പുറത്ത് വന്ന വിവരങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(സി) നിയമവിരുദ്ധമായി വാങ്ങിയ ഭൂമിയിൽ, വിമാനത്താവളം നിർമ്മാണത്തിനായി ഇതിനകം സ്വീകരിച്ച എല്ലാ നടപടികളും റദ്ദ്ചെയ്യാൻ തീരുമാനം എടുത്തിട്ടുണ്ടോ; എടുക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ഡി) പ്രതിരോധ മന്ത്രാലയവും വ്യോമയാന വകുപ്പും നൽകിയ അനുമതികൾ പിൻവലിക്കണമെന്ന് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഇ) നിർദ്ദിഷ്ട സ്ഥലത്ത് വിമാനത്താവളം നിർമ്മിക്കുന്നത് സംബന്ധിച്ച നിലപാട് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 17.12.2012–ലെ മറുപടിക്ക്

<u>എയർ കേരള പദ്ധതി</u>

1932 ശ്രീ. കെ.എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും**
**എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എയർ കേരള പദ്ധതി നടപ്പിലാക്കുന്നതു സംബന്ധിച്ച് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ എന്നത്തേയ്ക്ക് പ്രവർത്തനം ആരംഭിക്കുവാൻ കഴിയും ;

(സി) നിലവിൽ പ്രസ്തുത പദ്ധതിക്ക് എന്തെങ്കിലും തടസ്സങ്ങളുണ്ടോ ?